(iii) ഭൂജല വകുപ്പിൻ കീഴിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ പതിമൂന്ന് പദ്ധതികൾ നടപ്പിലാക്കി. വിശദാംശം അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. *

(iv) ചീഫ് എഞ്ചിനീയർ പ്രോജക്ട് I-ന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പദ്ധതികൾ ഒന്നും തുടങ്ങിയിട്ടില്ല. വാർഷിക അറ്റകുറ്റപണികൾ മാത്രമെ നടത്തിയിട്ടുള്ളൂ. വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. *

(v) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, പഴശ്ശി ജലസേചന പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്തിൽ ഉൾപ്പെടുന്ന തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ കാഡ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. ഫീൽഡ് ചാനൽ - കുറ്റ്യാട്ടൂർ പഞ്ചായത്ത് (2006-07)
2. ഫീൽഡ് ചാനൽ - കോഴിയോട്ട് (2006-07)
3. ഫീൽഡ് ചാനൽ - കരിമ്പുംകര (2007-08)
4. ഫീൽഡ് ചാനൽ-കാട്ടാമ്പള്ളി ബ്രാഞ്ച് കനാൽ (2008-09)

മേൽപ്പറഞ്ഞ 4 പ്രവൃത്തികൾക്കുംകൂടി ആകെ 16,89,939 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ചെലവഴിച്ച തുക

(i) കേരള വാട്ടർ അതോറിറ്റി	2,32,97,43,000
(ii) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)	1,52,23,557
(iii) ഭൂജല വകുപ്പ്	22,74,100
(iv) ചീഫ് എഞ്ചിനീയർ പ്രോജക്ട് -I	22,89,478
(v) കാഡ	16,89,939
ആകെ	2,35,12,20,074

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കനാലുകളുടെ നിർമ്മാണം

99 (696) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിൻകീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കനാലുകൾ നിർമ്മിക്കാനായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ; ഇതിൽ കനാലുകൾ നിർമ്മിക്കാതെ എത്ര ഹെകടർ സ്ഥലം ബാക്കിയുണ്ട് ; ഇവ ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ കൊയിലാണ്ടിയിൽ നിർമ്മിച്ച കനാലുകളിൽ 2006 ഏപ്രിൽ മാസത്തിനുശേഷം അറ്റകുറ്റപ്പണികൾക്കും മറ്റുമായി എത്ര രൂപ ചെലവഴിച്ചു എന്ന വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 2005-06 വർഷംമുതൽ നാളിതുവരെ 1,76,72,139 രൂപ ചെലവഴിച്ചു.

കനോലി കനാലിന്റെ രണ്ടാംഘട്ട നവീകരണം

100 (697) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കനോലി കനാലിന്റെ രണ്ടാംഘട്ട നവീകരണം (കൈപ്പുറത്ത് പാലംമുതൽ എരഞ്ഞിക്കൽ വരെയുള്ള ഭാഗം) തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ കാലാവധി 31-3-2010 വരെ ആയിരുന്നു. ഈ പദ്ധതി ഏറ്റെടുത്ത ഏജൻസി നിശ്ചിതകാലാവധിക്കുള്ളിൽ പ്രവൃത്തി ചെയ്തു തീർക്കാത്തതിനാലാണ് പ്രവൃത്തി തടസ്സപ്പെട്ടത്.

കബനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

101 (698) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കബനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമാണ് ; നൽകിയിട്ടില്ലെങ്കിൽ ഉടൻ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) വയനാട് ജില്ലയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇക്കാര്യത്തിലുള്ള പുരോഗതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly